**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 5774 — 02.07.2014 ൽ മറുപടിയ്ക്ക്

## പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിൽ മേൽത്തട്ട് വ്യവസ്ഥ നടപ്പിലാക്കണമെന്ന കേരള ഹൈക്കോടതി വിധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു. റ്റി. തോമസ്<br>ശ്രീ. സി. കെ നാണു | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | വി.വി ഹംസ കേസിൽ കേരളത്തിലെ മെഡിക്കൽ എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന്റെ കാര്യത്തിൽ 2014-2015 അക്കാഡമിക് വർഷം മുതൽ 08.09.1993-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം അനുസരിച്ചുള്ള മേൽത്തട്ടുവ്യവസ്ഥ നടപ്പിലാക്കണമെന്ന കേരള ഹൈക്കോടതി വിധി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രീ. വി. വി ഹംസ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 29271/12 നമ്പർ കേസിൽ ബഹു. ഹൈക്കോടതി 07.08.2013 ൽ പുറപ്പെടുവിച്ച വിധിന്യായ പ്രകാരം ബഹു. സുപ്രീം കോടതിയുടെ അശോക് കുമാർ താക്കൂർ കേസിലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയും കുടുംബ വരുമാനവും പരിഗണിച്ച്, പിന്നോക്ക വിഭാഗങ്ങളിലെ ക്രീമിലെയർ വിഭാഗത്തെ കണ്ടെത്തുന്നതിന് സ്വതന്ത്ര പഠനം സമയബന്ധിതമായി നടത്തുവാനും 2014-15 വിദ്യാഭ്യാസ വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളുടെ പ്രവേശനത്തിൽ നടപ്പിൽ വരുത്തുവാനും നിർദ്ദേശിക്കുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരം പിന്നോക്ക വിഭാഗങ്ങളിലെ ക്രീമിലെയർ വിഭാഗത്തെ കണ്ടെത്തുന്ന തിനുള്ള പഠനം നടത്തുവാൻ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ആ വിധി നടപ്പിലാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | 12.12.2013 മുതൽ ആറു മാസത്തേയ്ക്ക് പ്രസ്തുത മേൽത്തട്ട് വ്യവസ്ഥ നടപ്പിലാക്കുന്നത് നീട്ടി വയ്ക്കാൻ സർക്കാർ ഹൈക്കോടതിയിൽ ഇന്റർ ലൊക്യൂട്ടറി ആപ്ലിക്കേഷൻ (ഐ.എ) ഫയൽ ചെയ്തിട്ടുണ്ടോയെന്ന് വ്യക്ത മാക്കുമോ; എന്തടിസ്ഥാനത്തിലാണ്; എങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ ; | (സി) യും (ഡി) യും | ബഹു. ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം ക്രീമിലെയർ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള പഠനം നടത്തുന്നതിന് വളരെ പരിമിതമായ സമയം മാത്രമേ ലഭ്യമായിട്ടുള്ളുവെന്ന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ സർക്കാരിനെ അറിയിക്കുകയും മേല്പറഞ്ഞ വിധിന്യായം നടപ്പിലാക്കുവാൻ കൂടുതൽ സമയം ബഹു. കോടതിയോട് ആവശ്യപ്പെടാൻ സർക്കാരിന് ഉപദേശം നൽകുകയുമുണ്ടായി. ഇക്കാര്യത്തിലുള്ള നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ വകുപ്പ് മന്ത്രി തലത്തിൽ തീരുമാനമെടുത്തതിന് ശേഷമാണ് സർക്കാർ ഇന്റർ ലൊക്യൂട്ടറി ആപ്ലിക്കേഷൻ (ഐ.എ) ഫയൽ ചെയ്തത്. |
| (ഡി) | പ്രസ്തുത ഐ.എ ഫയൽ ചെയ്യുന്നതിനുള്ള തീരുമാനം സർക്കാരിന്റെ ഏതു തലത്തിൽ ആരാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | | |
| (ഇ) | കേന്ദ്രസർക്കാർ 1993-ൽ പുറപ്പെടുവിച്ച മേൽത്തട്ട് വ്യവസ്ഥയുടെ ഗുണം 2014-15 അദ്ധ്യയന വർഷത്തിലും പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ലെന്നത് കണക്കിലെടുത്ത് അതിൽപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ? | | മേൽ വസ്തുതകളുടെ വെളിച്ചത്തിൽ ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടു ക്കേണ്ട യാതൊരു സാഹചര്യവും നിലവിലില്ല. |

സെക്ഷൻ ഓഫീസർ